# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീമതി. എസ്. ശാരദ)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - കുംഭാരകോളനി നവീകരണം- 2018-19-ലെ ബഹു. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം - കൊടകര ഗ്രാമപഞ്ചായത്തിലെ കൊടകര കുംഭാര കോളനി നവീകരണം - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സ.ഉ(സാധാ) നമ്പർ. 118/2018/പിവിവിവ തീയതി: 07/12/2018.

---

ഉത്തരവ് നമ്പർ : **BCDD/A2/688/18** തീയതി: 18 /12/ 2018

---

സംസ്ഥാനത്തെ കുംഭാര കോളനികളുടെ സമഗ്ര വികസനത്തിനായി പദ്ധതി ആവിഷ്ക്കരിക്കുമെന്ന് ബഹു. ധനവകുപ്പ് മന്ത്രി 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്ന് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കുംഭാര കോളനികൾ നവീകരിക്കുന്നതിനുള്ള സാധ്യത വകുപ്പ് തലത്തിൽ തേടുകയും കൊടകര ഗ്രാമപഞ്ചായത്ത് വിശദമായ എസ്റ്റിമേറ്റടക്കം കൊടകര കുംഭാര കോളനി നവീകരണത്തിനായി പദ്ധതി സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പദ്ധതിയ്ക്ക് പരാമർശം അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ കൊടകര കുംഭാരകോളനി നവീകരണത്തിനുള്ള പദ്ധതി നിലവിലെ പൊതുമരാമത്ത് വകുപ്പ് ചട്ടപ്രകാരം നിർവ്വഹണം നടത്തുന്നതിന് കൊടകര ഗ്രാമപഞ്ചായ ത്തിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ടി പദ്ധതിയ്ക്കായുള്ള ചെലവ് പൊതുമരാമത്ത് ചട്ടങ്ങളനുസരിച്ച് ബില്ല് തയ്യാറാകുന്ന മുറയ്ക്ക് 2225-03-102-94 Development of Kumbhara Colony ശീർഷകത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നതാണ്. പദ്ധതി 2018 മാർച്ച് 15 നകം പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടിയെടുക്കുന്നതിനും ഉത്തരവാകുന്നു.

(ഒപ്പ്)

ഡയറക്ടർ

സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്.

**പകർപ്പുകൾ**

1) പ്രിൻസിപ്പൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
2) ജില്ലാ ട്രഷറി ഓഫിസർ, തൃശ്ശൂർ
3) ഡയറക്ടറുടെ സി.എ
4) സീനിയർ ഫിനാൻസ് ഓഫീസർ
5) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
6) ഐ.ടി. ഡിവിഷൻ, പിവിവിവ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ആജ്ഞാനുസരണം,

സീനിയർ സൂപ്രണ്ട്

DIRECTORATE OF BACKWARD CLASSES DEVELOPMENT DEPARTMENT ★ Thiruvananthapuram 695 003